## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 10** | **04.06.2018-ൽ മറുപടിക്ക്**

## ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി സ്വീകരിച്ച നടപടികൾ

ചോദ്യം

ശ്രീ. മുഹമ്മദ് മുഹസിൻ. പി
ശ്രീ. സി. ദിവാകരൻ
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ. വി. ആർ. സുനിൽ കുമാർ

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

എ) കോവളത്ത് വിദേശ വനിത കൊല്ലപ്പെട്ട സംഭവത്തെത്തുടർന്ന് ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

എ) കോവളം ടൂറിസം ഡെസ്റ്റിനേഷനിൽ ഉണ്ടായ വിദേശ വനിതയുടെ മരണവുമായി ബന്ധപ്പെട്ട് ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ടൂറിസം വകുപ്പിലെയും, സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ പോലീസ് വകുപ്പിലെയും ഉന്നത അധികാരികൾ പങ്കെടുത്ത അടിയന്തര യോഗം 10.5.2018-ൽ ചേരുകയുണ്ടായി. യോഗ തീരുമാന പ്രകാരം ഇത്തരം സംഭവങ്ങൾ തടയുന്നതിനും, ആവർത്തിക്കപ്പെടാതിരിക്കുന്നതിനും വേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പുമായി ചേർന്ന് വിനോദസഞ്ചാര വകുപ്പ് അടിയന്തരമായി നടപ്പിലാക്കി വരുന്നു. സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾക്കായി 18.05.2018 ൽ എല്ലാ വിശദാംശങ്ങളും ഉൾപ്പെട്ട പോലീസ് മേധാവിയുടെ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ്

| | |
|---|---|
| | അസിസ്റ്റൻസ് സെന്ററുകളും എത്രയും വേഗം പ്രവർത്തനം ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ടൂറിസം മേഖലയിൽ സുരക്ഷാ മുൻകരുതലിനായി നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്കും പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനം നടത്തുന്നുണ്ട്. ടൂറിസം പോലീസിനെ ശക്തിപ്പെടുത്തി ടൂറിസം പോലീസിന്റെ സേവനം കൂടുതൽ ആവശ്യമായ ഇടങ്ങളിൽ ലഭ്യമാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. കൂടുതൽ വനിതാ ടൂറിസം പോലീസിനെ അടിയന്തരമായി വിന്യസിക്കുന്നതിന് പോലീസ് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. |
| ബി) വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സി) വിനോദസഞ്ചാര മേഖലകളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ നിർബന്ധമാക്കുമോ;

സി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതാണ്.

ഡി) വിനോദസഞ്ചാരികൾക്ക് പോലീസിന്റെ സേവനം ഏത് സമയത്തും പെട്ടെന്ന് ലഭ്യമാക്കുന്ന തരത്തിലുള്ള സംവിധാനം ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ?

ഡി) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പോലീസ് മേധാവി അടിയന്തര നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ